(ബി) ഈ ആനുകൂല്യങ്ങൾ മിക്കവയും വർദ്ധിപ്പിക്കുന്നതിനുള്ള ബോർഡ് യോഗ തീരുമാനങ്ങൾ സർക്കാരിന്റെ പരിഗണനയിലാണ്.

(സി) 17872 പേർക്ക്

(ഡി)	അംഗങ്ങൾക്ക് പെൻഷൻ	-	17872
	അവശതാ പെൻഷൻ	-	139
	കുടുംബ പെൻഷൻ	-	196
	ആകെ	-	18,207

50 (216) ബീഡിത്തൊഴിലാളി ക്ഷേമനിധി ബോർഡ്

ശ്രീ. കെ. മുഹമ്മദാലി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലസേചനവും തൊഴിലും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ബീഡിത്തൊഴിലാളി ക്ഷേമനിധി ബോർഡ് രൂപീകരിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ ഈ ബോർഡു വഴി അംഗങ്ങൾക്ക് ആനുകൂല്യങ്ങൾ നൽകി തുടങ്ങിയോ;

(സി) എന്തെല്ലാം ആനുകൂല്യങ്ങളാണ് അംഗങ്ങൾക്ക് നൽകുന്നതെന്നും ഇതിനുള്ള നടപടിക്രമം എന്താണെന്നും വ്യക്തമാക്കുമോ;

(ഡി) ഇപ്പോൾ എത്ര തൊഴിലാളികൾ ഈ ക്ഷേമനിധിയിൽ അംഗങ്ങളായിട്ടുണ്ട്?

ഉത്തരം

(എ) ഉണ്ട്.

(ബി)(സി)&(ഡി) 15.3.99-ൽ ആണ് ബീഡി തൊഴിലാളി ക്ഷേമനിധി ബോർഡ് രൂപീകരിച്ചത്. ചീഫ് ഓഫീസിന്റെയും, ക്ഷേമനിധിയുടേയും ഔപചാരികമായ ഉദ്ഘാടനം ഈ മാസം 5-ാം തീയതി ആയിരുന്നു. തൊഴിലാളികളുടെ രജിസ്ട്രേഷനുൾപ്പെടെയുള്ള കാര്യങ്ങളുടെ നടപടികൾ ആരംഭിച്ചിട്ടുള്ളൂ.

51 (217) കശുവണ്ടി വ്യവസായ മേഖലയിലെ തൊഴിലാളികൾ

ശ്രീ. എം. മുരളി :

ശ്രീ. കെ. ബാബു :

ശ്രീ. പി.ജെ. ജോയി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലസേചനവും തൊഴിലും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കശുവണ്ടി വ്യവസായ രംഗത്ത് പൊതുമേഖലയിലും സഹകരണ മേഖലയിലും സ്വകാര്യമേഖലയിലും എത്ര തൊഴിലാളികൾ വീതം പണിയെടുക്കുന്നു;

(ബി) കശുവണ്ടി വ്യവസായത്തിന്റെ വികസനത്തിനും നവീകരണത്തിനുമായി സർക്കാർ ഈ ഓരോ മേഖലയ്ക്കും എന്തെല്ലാം സഹായങ്ങൾ നൽകുന്നുണ്ട്;

LIBRARY ARCHIVES Kerala Legislative Assembly